**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **755** — **05/02/2020**-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ആരംഭിച്ച പുതിയ പദ്ധതികൾ ഏതൊക്കെയാണ് ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br>**1. സാമൂഹിക പഠനമുറി**<br>**2. ഗോത്രബന്ധു**<br>**3. അംബേദ്കർ സെറ്റിൽമെൻറ് ഡെവലപ്മെന്റ് സ്കീം**<br>എ) കോളനികളുടെ സമഗ്ര വികസനം.<br>ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി<br>സി) പി.കെ.കാളൻ കുടുംബ പദ്ധതി<br>**4. ഗോത്രവാത്സല്യനിധി**<br>**5. വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം**<br>**6. സമ്പൂർണ്ണ വൈദ്യുതീകരണം.**<br>**7. കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**<br>ഓരോ പദ്ധതിക്കും കിഫ്ബിയിൽ നിന്നും അംഗീകരിച്ച തുകയും തത്സ്ഥിതിയും ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | പ്രീമെട്രിക് ഹോസ്റ്റൽ, അച്ചൻകോവിൽ | 5 കോടി. |
| 2 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, കോടാലിപ്പാറ | 3.91 കോടി |
| 3 | പ്രീമെട്രിക് ഹോസ്റ്റൽ, അരുവിളാംചാൽ - | 3.63 കോടി |
| 4 | പ്രീമെട്രിക് ഹോസ്റ്റൽ, കുറ്റിക്കോൽ | 4.2 കോടി |
| 5 | പ്രീമെട്രിക് ഹോസ്റ്റൽ, ബേഡഡുക്ക | 4.7 കോടി |

| | | |
|---|---|---|
| 6 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, നേര്യമംഗലം | 5 കോടി |
| 7 | ഹോസ്റ്റൽ കെട്ടിടം-വൊക്കേഷണൽ ട്രെയിനിംഗ് സെൻറർ, നാട്ടുകാണി | 3.42 കോടി |
| 8 | അക്കാഡമിക് ബ്ലോക്ക് കെട്ടിടം-വൊക്കേഷണൽ ട്രെയിനിംഗ് സെൻറർ, നാട്ടുകാണി) | 4.03 കോടി |
| 9 | യൂത്ത് ഹോസ്റ്റൽ, പാലോട് | 3.14 കോടി |
| 10 | എം.ആർ.എസ്, ആറളം, കണ്ണൂർ | 18.60 കോടി |

**8. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ**

**9. ഗോത്രജീവിക**

**10. സമഗ്ര - ആദിവാസി സാക്ഷരത പരിപാടി**

**11. ഗോത്ര രശ്മി - സാമൂഹിക ശാക്തീകരണ പരിപാടി.**

**12. മില്ലറ്റ് വില്ലേജ് - അട്ടപ്പാടി**

**13. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം:**

**14. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിരവികസന പദ്ധതി:**

**15. മിൽമ മുഖേന നടപ്പിലാക്കി വരുന്ന ജീവനോപാധി പദ്ധതികൾ**

**16. കരിയർ ഗൈഡൻസ് ജോബ് ഫെയർ:**

**17. അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:**

**18. ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ / സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടി കൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പ് വരുത്തുന്ന നടപടിയും സ്വീകരിച്ചി ട്ടുണ്ട്. ഇതിൽ 1725 പട്ടികവർഗ്ഗയുവതീയുവാക്കൾക്ക് 2019-20-ൽ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഇറാം ടെക്നോളജീസ് എന്ന സ്വാകാര്യ സ്ഥാപനം മുഖേന ടിഗ്ഗ് & ആർക്ക് വെൽഡിംഗ് കോഴ്സ് കഴിഞ്ഞ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗ ങ്ങളിലെ 8 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത്

| | | | |
|---|---|---|---|
| (ബി) | ഇവ പ്രസ്തുത വിഭാഗത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എത്രമാത്രം സഹായകമായി എന്ന് വിശദ മാക്കാമോ ? | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തുകയും അവരുടെ ആവശ്യത്തിനനുസരിച്ച് മുൻഗണനാ പ്രകാരം പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നത്. വിദ്യാഭ്യാസ, ആരോഗ്യമേഖലയിലാണ് വകുപ്പ് കൂട്ടതൽ തുക വകയിരുത്തുന്നത് കൂടാതെ തൊഴിൽ, ഭവനനിർമ്മാണം, ഭൂമിവാങ്ങി നൽകൽ, അടിസ്ഥാന സൗകര്യവികസനം എന്നീ മേഖലകൾക്കും പ്രാധാന്യം നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ടി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) | ഇവർക്കായി അനുവദിക്കുന്ന പദ്ധതികളുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വെളിപ്പെട്ടു ത്താമോ ? | (സി) | പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികൾക്ക് മുൻഗണന നൽകിയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനായി അനുവദിക്കുന്ന ഫണ്ട് പൂർണമായും ഉപയോഗപ്രദമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ ചുവടെ പറഞ്ഞിരിക്കുന്ന നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗക്കാർക്ക് ഉപയോഗപ്രദമായ പദ്ധതികൾ സർക്കാർ മാനദണ്ഡ പ്രകാരം തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പും, വകുപ്പിന്റെ ജില്ലാ ഓഫീസുകൾ വഴിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.<br><br>പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. |
| (ഡി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇടയിലുള്ള രോഗങ്ങളുടെ പ്രധാന കാരണം മദ്യാ സക്തി ആണെന്നതിനാൽ ഇതിൽ നിന്നും അവരെ മോചിപ്പിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത മേഖലയിൽ നടത്തുന്നത് എന്നറിയിക്കാമോ ? | (ഡി) | പട്ടികവർഗ്ഗ കോളനികളിൽ പുറത്ത് നിന്നുള്ള ആളുകൾ പ്രവേശിച്ച് മദ്യം, മയക്ക് മരുന്ന് മുതലായ ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്നതും, കോളനി നിവാസികളുടെ അമിത മദ്യപാനം, വ്യാജവാറ്റ് എന്നിവ തടയുന്നതിനുമായി, ടി കോളനികളിലെ മദ്യപാനികളെ കണ്ടെത്തി അവർക്ക് ഇവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി ജില്ലാകളക്ടർ ചെയർമാനായി ജില്ലാതല മോണിറ്ററിംഗ് സമിതിയും, ബന്ധപ്പെട്ട വാർഡ് മെമ്പർ ചെയർമാനായി കോളനിതല സമിതിയും രൂപികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചി |

| | | | |
|---|---|---|---|
| | | | ട്ടുണ്ട്. പ്രസ്തുത സമിതിയിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ പ്രതിനിധികളും അംഗങ്ങളാണ്. ഇത് കൂടാതെ അമിത മദ്യപാനത്തിനടിമപ്പെട്ട കുട്ടികളെ കണ്ടെത്തുന്നതിനും അപ്രകാരമുള്ള കുട്ടികൾക്ക് മെഡിക്കൽ കൗൺസിലിംഗ് നടപ്പിലാക്കുന്നതിനും എസ്.റ്റി. പ്രമോട്ടർമാർ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്. സമഗ്രആരോഗ്യസുരക്ഷാ പദ്ധതിയിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് പട്ടിക വർഗ്ഗക്കാർക്ക് സമഗ്ര ചികിത്സ ഉറപ്പാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കൗൺസിലിംഗ് ആവശ്യമുള്ളവരെ കണ്ടെത്തി ചികിത്സയും നൽകിവരുന്നു. കോളനികളിൽ ബോധവൽക്കരണത്തിന് വയനാട് ജില്ലയിൽ കമ്മിറ്റഡ് സോഷ്യൽവർക്കർമാരേയും നിയമിച്ചിട്ടുണ്ട്. കോളനികളിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ കേരളാ സംസ്ഥാന ലഹരി വർജ്ജന മിഷൻ; വിമുക്തി-യുമായി ചേർന്ന് പട്ടികവർഗ്ഗകോളനികളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ